## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3370

23-06-2014 ൽ മറുപടിക്ക്

### എക്സൈസ് സേനയ്ക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ. എം.പി.വിൻസെന്റ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) ഉണ്ട്. തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ ആയുധ പരിശീലനം ഒഴികെയുള്ള വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട്. നിലവിൽ 100 സിവിൽ എക്സൈസ ഓഫീസർമാരുടെ 90 പ്രവർത്തി ദിവസം നീണ്ടുനിൽക്കുന്ന ബേസിക് ട്രെയിനിംഗും, 28 എക്സൈസ് ഡ്രൈവർമാരുടെ 3 മാസത്തെ പരിശീലനവും നടന്നുവരുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികവരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻ-സർവ്വീസ് പരിശീലനം വിവിധ വിഷയങ്ങളിൽ നൽകി വരുന്നുണ്ട്. ഈ വർഷം ഇപ്രകാരമുള്ള 36 ബാച്ചുകളുടെ പരിശീലനം നടത്തുന്നുണ്ട്. |
| ബി) നിലവിലുള്ള എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻ-സർവ്വീസ് പരിശീലനം നൽകുന്നുണ്ടോ ; | ബി) ഉണ്ട്. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ എക്സൈസ് അക്കാദമിയിൽ വച്ച് നടന്നു വരുന്നു. ഈ വർഷം ഇപ്രകാരം 36 ബാച്ചുകളിലായി പരിശീലനം നടത്തുന്നുണ്ട്. അബ്കാരി, എൻ.ഡി.പി.എസ്. കേസുകളിൽ ശാസ്ത്രീയ അന്വേഷണം നടത്തുന്നതിനുള്ള 19 പരിശീലന പരിപാടികൾ ഇതിനോടകം തന്നെ |

നടത്തിയിട്ടുള്ളതാണ്. ഇപ്പോൾ നടന്നുവരുന്ന പരിശീലന പരിപാടിയിൽ എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാം ഫോർ മിഡിൽ ലവൽ ഓഫീസേഴ്സ് എന്ന പരിശീലന പരിപാടിയിൽ വിവരാവകാശ നിയമം, സേവനാവകാശ നിയമം, എസ്.സി.എസ്.ടി. ആക്ട്, പേഴ്സണാലിറ്റി ഡവലപ്മെന്റ് ആന്റ് കമ്മ്യൂണിക്കേഷൻ സ്കിൽ, ബാലാവകാശ നിയമം, വനിതാവകാശ സംരക്ഷണ നിയമം, സ്ട്രെസ് മാനേജ്മെന്റ്, ഹ്യൂമൺ റൈറ്റ്സ് ആക്ട്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫിംഗർപ്രിന്റ്, സ്റ്റോഴ്സ് പർച്ചേയ്സ് മാനുവൽ എന്നീ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു കൂടാതെ, സിവിൽ എക്സൈസ് ഓഫീസർമാരുടേയും, ഡ്രൈവർമാരുടേയും പരിശീലന പരിപാടിയിൽ ഔട്ട്ഡോർ പരിശീലനത്തിനു പുറമേ എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുന്ന നിയമങ്ങളും ചട്ടങ്ങളും പരിശീലിപ്പിക്കുന്നതിന് ഇൻഡോർ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | സി) യും | എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ എക്സൈസ് വകുപ്പിലെ തന്നെ ഉന്നത ഉദ്യോഗസ്ഥർ പരിശോധിക്കുന്നത് കൂടാതെ ഇത്തരം വീഴ്ചകൾ നിരീക്ഷിക്കുന്നതിന് പോലീസ് വകുപ്പിലെ എസ്.പി.തസ്തികയിലുള്ള ഒരു വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ആകയാൽ ഉന്നതതല സമിതി രൂപീകരിക്കേണ്ട സാഹചര്യം ഇല്ല. |
| ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നത തലസമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) യും | |

സെക്ഷൻ ഓഫീസർ